# ചൈനയുടെ 2023 ഔദ്യോഗിക "സ്റ്റാൻഡേർഡ് മാപ്പ്" സംബന്ധിച്ചു മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഓഗസ്റ്റ് 29, 2023

**ചൈനയുടെ 2023 ഔദ്യോഗിക "സ്റ്റാൻഡേർഡ് മാപ്പി"നെ സംബന്ധിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചി പറഞ്ഞു:**

"ഇന്ത്യയുടെ ഭുപ്രദേശത്തിന് അവകാശവാദം ഉന്നയിക്കുന്ന ചൈനയുടെ 2023-ലെ സ്റ്റാൻഡേർഡ് മാപ്പിൽ ശക്തമായ പ്രതിഷേധം നയതന്ത്ര മാർഗങ്ങളിലൂടെ  ചൈനീസ് പക്ഷത്തോട്  ഞങ്ങൾ ഇന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ അവകാശവാദങ്ങൾക്ക് അടിസ്ഥാനമില്ലാത്തതിനാൽ ഞങ്ങൾ ഇതു നിരസിക്കുന്നു. ചൈനീസ് പക്ഷത്തിന്റെ ഇത്തരം നടപടികൾ അതിർത്തി പ്രശ്നപരിഹാര സാധ്യതകളെ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളൂ."

**ന്യൂ ഡെൽഹി**
**ഓഗസ്റ്റ് 29, 2023**